# 38. കോൺഗ്രസ് ശതാബ്ദി

'ലോകത്തിൽ ഇപ്പോഴും നിലവിലുള്ള ഏററവും വലിയ ജനാധിപത്യപ്പാർട്ടി' എന്നു പറയപ്പെടുന്ന ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിന്റെ ആദ്യസമ്മേളനം വളരെ എളിയ നിലയിൽ ബോംബെയിൽ നടന്നതു് 1885 ഡിസംബറിൽ ആയിരുന്നു ബ്രിട്ടീഷ് ആധിപത്യത്തിൽനിന്നു് ഇന്ത്യയെ വിമോചിപ്പിക്കുന്നതിൽ മാത്രമല്ല, യൂറോപ്യൻ സാമ്രാജ്യത്വവാഴ്ച അവസാനിപ്പിച്ചു് ഏഷ്യൻ–ആഫ്രിക്കൻ ഭൂഖണ്ഡങ്ങളിൽ ജനാധിപത്യ വ്യവസ്ഥിതിക്കു് അസ്തിവാരം ഉറപ്പിക്കുന്നതിൽക്കൂടി ഇൻഡ്യൻ നാഷണൽ കോൺഗ്രസ് നിർവഹിച്ച ഐതിഹാസികമായ ഭൂമിക മനുഷ്യചരിത്രത്തിലെ അവിസ്മരണീയമായ ഒരു അധ്യായമാകുന്നു. അതിനാൽ, കോൺഗ്രസ്സിന്റെ നൂറാം വാർഷികം സമുചിതമായി ആഘോഷിക്കുകയെന്നതു് ഭാരതീയജനതയുടെ ദേശാഭിമാനപരമായ കർത്തവ്യമത്രെ. അടിമത്തത്തിനെതിരെ നിരായുധവും നിർധനവുമായ ഭാരതീയ ജനത നടത്തിയ ധീരോദാത്തമായ ദീർഘസമരത്തെയും, ആ സമരത്തിനു ദാർശനികവും ധാർമികവും സംഘടനാപരവുമായ നേതൃത്വം നൽകിയ ത്യാഗിവര്യരും ധിഷണാശാലികളുമായ നേതാക്കളെയും അനുസ്മരിക്കുന്നതിനും, ദാരിദ്ര്യത്തിൽനിന്നും, ഇരുണ്ടയുഗങ്ങളുടെ അവശിഷ്ടമായി നമ്മുടെ സമൂഹത്തിൽ ഇന്നും നിലനില്ക്കുന്ന അന്ധ–ഭ്രാന്ത–വിശ്വാസങ്ങളിൽനിന്നും, അനാചാരങ്ങളിൽനിന്നും, എഴുപതു കോടി ജനങ്ങളെ വിമോചിപ്പിച്ചു്, മാന്യവും മനുഷ്യോചിതവുമായ ജീവിതം അവർക്കു കൈവരുത്തുന്നതിനുള്ള പ്രയത്നത്തിൽ സ്വയം പുനരർപ്പണംചെയ്യുന്നതിനും നമുക്കു കൈവന്നിട്ടുള്ള ഒരു പാവനസന്ദർഭമാണു് ഈ ശതാബ്ദിയാഘോഷം. എട്ടു മാസം നീണ്ടുനില്ക്കുന്ന ഈ ശതാബ്ദിയാഘോഷം മെയ് 6–ാം തീയതി രാവിലെ ദില്ലിയിലെ ഇന്ദിരാഗാന്ധി സ്പോർട്സ് കോംപ്ലക്സിൽ ചേർന്ന ഒരു മഹാസമ്മേളനത്തിൽ പ്രധാനമന്ത്രി രാജീവഗാന്ധി ഉദ്ഘാടനം ചെയ്യുകയുണ്ടായി.

ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിന്റെ പൈതൃകം അവകാശപ്പെടുന്നതിനു് ഇന്ദിരാകോൺഗ്രസ്സിനുള്ള അധികാരത്തെ ചോദ്യംചെയ്തുകൊണ്ടു്, പഴയ കോൺഗ്രസ്സുകാരിൽപ്പലരും ഈ ശതാബ്ദിയാഘോഷവുമായി നിസ്സഹകരിക്കുകയാണു് ചെയ്തതു്. ദേശീയ വിമോചനസമരത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് നിർവഹിച്ച ഭൂമികയെപ്പററിത്തന്നെ തികച്ചും വ്യത്യസ്തമായ ഒരു വീക്ഷണമാണു് തനിക്കുള്ളതെന്നതിനാൽ, ശ്രീ ഇ. എം. എസ്. നമ്പൂതിരിപ്പാട് ഈ ആഘോഷത്തിൽ സന്നിഹിതനാവാനുള്ള ക്ഷണം നിരസിക്കുകയുണ്ടായി.

സ്വാതന്ത്ര്യലബ്ധിക്കുശേഷം കോൺഗ്രസ്കക്ഷിയിൽ പല പിളർപ്പുകളും ഉണ്ടായിട്ടുണ്ടെങ്കിലും, 'കോൺഗ്രസ്' എന്ന പേരിൽ അറിയപ്പെടുന്ന പല സംഘടനകളുള്ളതിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പിൻതുടർച്ച യഥാർത്ഥത്തിൽ അവകാശപ്പെടാവുന്ന കക്ഷി ഇന്ദിരാകോൺഗ്രസ്സാണെന്നു് ഇന്ത്യയിലെ തെരഞ്ഞെടുപ്പു കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടു്. ഇന്നാട്ടിലെ ജനകോടികൾക്കാണെങ്കിൽ, ഇന്ദിരാകോൺഗ്രസ്സാണു് ശരിയായ 'കോൺഗ്രസ്' എന്ന കാര്യത്തിൽ ഉറച്ച ധാരണയാണുള്ളതു്. അതിനാൽ, ഡബ്ല്യു, സി. ബാനർജിയിൽ ആരംഭിക്കുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷന്മാരുടെ പരമ്പരയിൽ അറുപതാമത്തെ സ്ഥാനം രാജീവഗാന്ധി അവകാശപ്പെട

ന്നതിലോ, ഇന്ദിരാകോൺഗ്രസ്സിന്റെ നേതൃത്വത്തിൽ കോൺഗ്രസ് ശതാബ്ദിയാഘോഷിക്കപ്പെടുന്നതിലോ അനുചിതമായി ഒന്നുംതന്നെയില്ല. ഈ ആഘോഷവുമായി നിസ്സഹകരിക്കുന്ന പഴയ കോൺഗ്രസ് പ്രവർത്തകർ അതിന് ഉന്നയിക്കുന്ന കാരണങ്ങൾ എന്തുതന്നെയായാലും, അത്യന്തം സങ്കുചിതമായ താല്ക്കാലികപാർട്ടിതാല്പര്യങ്ങൾ മാത്രമേ അവർ ലക്ഷ്യമാക്കിയിട്ടുള്ളു എന്നു കാണാൻ നിഷ്പക്ഷനിരീക്ഷകർക്കു വിഷമമില്ല.

ശതാബ്ദി–ആഘോഷങ്ങളുടെ ഉദ്ഘാടനത്തിനുമുമ്പ് മെയ് 4, 5 തീയതികളിൽ അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മററി (എ. ഐ. സി സി.) യുടെ ഒരു സമ്മേളനവും ദില്ലിയിൽ നടക്കുകയുണ്ടായി. ഇന്ദിരാഗാന്ധിയുടെ ദാരുണമായ ഹത്യയെത്തുടർന്നു കോൺഗ്രസ് അദ്ധ്യക്ഷസ്ഥാനവും കേന്ദ്രഗവണ്മെൻറിന്റെ നേതൃത്വവും ഏറെറടുത്ത രാജീവ ഗാന്ധിക്കു പാർട്ടിയുടെ പൂർണ്ണമായ പിന്തുണ ഔപചാരികമായി പ്രഖ്യാപിക്കലായിരുന്നു എ. ഐ. സി. സി. സമ്മേളനംകൊണ്ടു് മുഖ്യമായി ഉദ്ദേശിച്ചിരുന്നതു്. പുതിയ ബജററ് അവതരിപ്പിച്ചതിലൂടെ കോൺഗ്രസ്, സോഷ്യലിസമെന്ന അതിന്റെ പഴയ ആദർശം കൈവിട്ടിരിക്കുകയാണെന്ന ധാരണ ഈ സമ്മേളനം വാക്കാൽ തിരുത്തുകയുണ്ടായി. അടുത്തകാലത്തു് സാർവത്രികമായി അനുഭവപ്പെട്ട സാധനങ്ങളുടെ വിലക്കയററം ഒരു 'കാലിക' പ്രതിഭാസം മാത്രമാണെന്നു് സമർത്ഥിക്കാനും, വിലക്കയററത്തെ തടയുന്നതിനുള്ള കേന്ദ്രഗവണ്മെൻറിന്റെ ദൃഢനിശ്ചയത്തെ ആവർത്തിച്ചു പ്രഖ്യാപിക്കാനും എ. ഐ. സി. സി. സമ്മേളനം ഉപയോഗിക്കപ്പെട്ടു. പഞ്ചാബിലെ ഉഗ്രവാദം, അസമിലെ നിസ്സഹകരണം, ഗുജറാത്തിലെ റിസർവേഷൻ–വിരുദ്ധസമരം മുതലായ പ്രശ്നങ്ങളെ സമാധാനപരമായും അനുരഞ്ജനത്തിന്റെ മാർഗത്തിലൂടെയും പരിഹരിക്കുവാനുള്ള ആഹ്വാനവും സമ്മേളനത്തിൽ മുഴങ്ങുകയുണ്ടായി. ഒരു പാർട്ടി എന്ന നിലയിൽ ഇന്ദിരാകോൺഗ്രസ്സിനു ചലനക്ഷമമായ ഒരു സംവിധാനമുണ്ടെന്ന ബോധം അണികളിൽ പരത്താൻ ഇതെല്ലാം ഉപകരിച്ചിരിക്കണം.

എങ്കിലും, മുമ്പ് ഇന്ദിരാഗാന്ധിയുടെയെന്നപോലെ ഇപ്പോൾ രാജീവഗാന്ധിയുടെ 'കരിസ്മ' (ദിവ്യ–നിഗ്രഹാനുഗ്രഹശക്തി)യെ അവലംബിച്ചു മാത്രമാണ് ഇന്ദിരാകോൺഗ്രസ് എന്ന പാർട്ടി നിലകൊള്ളുന്നതു്. അതിനൊരു സംഘടനയോ, ശ്രേണീകൃതമായ ഒരധികാരക്രമമോ ഇല്ല. ഇന്ദിരാകോൺഗ്രസ്സിന്റെ അധികാരം താഴെ അണികളിൽനിന്നു സോപാനത്തിലൂടെ നേടിയെടുക്കപ്പെടുന്നതല്ല; മുകളിലെ നേതൃത്വത്തിൽനിന്നു് അനുഗ്രഹമായി നല്കപ്പെടുന്നതാണ്. എല്ലാവർക്കും പരക്കെ വിതരണം ചെയ്യപ്പെടുവാൻമാത്രം സുലഭമല്ല ഈ അനുഗ്രഹമെന്നതിനാൽ, താഴത്തെ നേതൃത്വനിരയിൽ അധികാരത്തിന്റെ 'പ്രസാദം' വാങ്ങുന്നതിനു തീവ്രമായ ഉന്തും തള്ളും നടന്നുവരുന്നു. ഈ മത്സരത്തിന്റെ സ്വാഭാവികഫലമത്രേ പ്രാദേശികഘടകങ്ങളിലെ കള്ളമെംബർപ്പട്ടിക.

പാർട്ടിയുടെ യഥാർത്ഥനില ഇതാണെന്ന കാര്യം മറച്ചുവെക്കുവാൻ അതിന്റെ അദ്ധ്യക്ഷനായ രാജീവഗാന്ധി ഉദ്ദേശിച്ചിട്ടില്ല. മെയ് 4-ാം തീയതി എ. ഐ. സി. സി. സമ്മേളനത്തിന്റെ ഉദ്ഘാടനപ്രസംഗം നടത്തിക്കൊണ്ടു് ശ്രീ ഗാന്ധി, ഈ വർഷത്തിൽ (1985–ൽ) പാർട്ടിക്കകത്തെ തെരഞ്ഞെടുപ്പുകൾ നടത്തണമെന്നായിരുന്നു തന്റെ ആഗ്രഹമെന്നു് പ്രസ്താവിച്ചു. പക്ഷേ, മെംബർഷിപ്പുപട്ടികകൾ തയ്യാറാകാത്തതിനാൽ തെരഞ്ഞെടുപ്പു നടത്തുക സാധ്യമല്ലാതാണിരിക്കുന്നതു്. ഇനിയങ്ങോട്ടു്, ഈ വർഷാവസാനംവരെ, മെംബർഷിപ്പ് പ്രവർത്തനം ഊർജിതമായി നടത്താൻ തീരുമാനിച്ചിട്ടുണ്ടു്; അടുത്ത വർഷം (1986) ആദ്യത്തിൽ പാർട്ടിതെരഞ്ഞെടുപ്പുകൾ നടത്തും. ഈ തിരഞ്ഞെടുപ്പുകളിൽ പങ്കെടുക്കു

ക 'ശരിയായ മെംബർമാർതന്നെയായിരിക്കും' എന്ന് രാജീവ്ഗാന്ധി പ്രസ്താവിച്ചപ്പോൾ സദസ്സാകെ പൊട്ടിച്ചിരിച്ചുവെന്ന് 'ഹിന്ദു' പത്രം രേഖപ്പെടുത്തിയിരിക്കുന്നു! കൊള്ളാം; കരച്ചിലിനേക്കാൾ ഭേദമാണല്ലോ ചിരി!

'കരിശ്മ'യെ ആധാരമാക്കി ഒരു പ്രസ്ഥാനം കുറെ കാലം കൊണ്ടു നടക്കാൻ കഴിഞ്ഞേക്കും. കോൺഗ്രസ് സംഘടനയുമായി ഔപചാരികമായ ഒരു ബന്ധവുമില്ലാതിരുന്നിട്ടും ഭാരതീയ ജനസമൂഹത്തെ നീണ്ടുനിന്ന സ്വാതന്ത്ര്യസമരത്തിന്റെ കല്ലും മുള്ളും നിറഞ്ഞ പാതയിലൂടെ മുന്നോട്ടു നയിക്കുവാൻ മഹാത്മാഗാന്ധിക്കു കഴിഞ്ഞുവല്ലോ. എന്നാൽ, പല തലങ്ങളിൽ നിരന്തരം നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ ഭൂരിപക്ഷം വോട്ടു നേടി അധികാരം നിലനിർത്തുവാൻ ഒരു പാർട്ടി അതിന്റെ നേതാവിന്റെ 'കരിശ്മ'യെക്കാളേറെ സുദൃഢവും ശ്രേണീകൃതവുമായ സംഘടനയെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇന്ദിരാകോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, നേതാവിന്റെ 'കരിശ്മ അനുദിനം ക്ഷയിച്ചുവരികയാണെന്നു കരുതുന്നതു തെറ്റായിരിക്കുകയുമില്ല. 1984 ഡിസംബറിൽ നടന്ന പാർലമെന്റിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഇന്ത്യയിലൊട്ടാകെ ഉയർന്നു പരന്ന 'രാജീവതരംഗ'ത്തിന്റെ ശക്തി പിന്നെപ്പിന്നെ കുറഞ്ഞുവരുന്നതായാണ് 1985 മാർച്ചിലും ഏപ്രിലും നടന്ന അസംബ്ലി തെരഞ്ഞെടുപ്പുകളും ബോംബേ കോർപ്പറേഷനിലെ തെരഞ്ഞെടുപ്പും അസന്ദിഗ്ദ്ധമാംവിധം വെളിപ്പെടുത്തിയതു്. മാർച്ചിൽ ആന്ധ്രാപ്രദേശും, കർണാടകവും ഏതാണ്ട് എന്നന്നേക്കുമായി, കോൺഗ്രസ്സ്വാധീനത്തിൽനിന്നു വിട്ടുപോയി. ഏപ്രിലിൽ ഇരുപത്തിയാറ് അസംബ്ലിസീറ്റുകളിലേക്കും മൂന്നു പാർലമെന്ററി സീറ്റുകളിലേക്കും നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ, മത്സരിച്ച സീറ്റുകളിൽ മൂന്നിലൊന്നോളമേ ഇന്ദിരാകോൺഗ്രസ്സിനു കിട്ടുകയുണ്ടായുള്ളൂ. ബോംബേ കോർപ്പറേഷനിലാണെങ്കിൽ, കോൺഗ്രസ്സിനെ ബഹുദൂരം പിൻതള്ളി 'ശിവസേന' എന്ന പ്രാദേശികപാർട്ടി നേതൃത്വത്തിലെത്തിയിരിക്കുകയുമാണ്. ഉത്തർപ്രദേശ്, ബീഹാർ, ഒറീസ്സ, രാജസ്ഥാൻ മുതലായ 'കോൺഗ്രസ്' സംസ്ഥാനങ്ങളിൽക്കൂടി അത്യന്തം പ്രകടമാണ് ഈ തിരിച്ചടി.

വാഗ്ദാനവും നിർവഹണവും തമ്മിലുള്ള നികത്താനാവാത്ത വിടവാണ് രാജീവ്ഗാന്ധിയുടെ 'കരിശ്മ'യ്ക്കുനേരിട്ട, ത്വരിതമായ, അപചയത്തിനു പിന്നിലുള്ളതു്. പഞ്ചാബ്പ്രശ്നം പുകഞ്ഞും നീറിയും തുടരുന്നതേയുള്ളൂ; അനുരഞ്ജനത്തിനു ഗവൺമെന്റ് കൈക്കൊള്ളുന്ന ഓരോ നടപടിയും അകാലികളെ ഉഗ്രവാദത്തിലേക്കു കൂടുതൽക്കൂടുതൽ അടുപ്പിക്കുന്നതായാണ് കാണുന്നതു്. സിലോണിലെ തമിഴരുടെ പ്രശ്നം പരിഹാരത്തിൽനിന്ന് അകന്നുപോവുംതോറും ദക്ഷിണേന്ത്യയിൽ കോൺഗ്രസ്വിരുദ്ധമനോഭാവം ശക്തിപ്പെടുകതന്നെചെയ്യും. രാഷ്ട്രീയ—സാമ്പത്തിക—വിദേശബന്ധ കാര്യങ്ങളിൽ രാജീവ്ഗാന്ധി കൈക്കൊള്ളുന്ന നടപടികൾ പൊതുവെ ബുദ്ധിജീവികൾ സ്വാഗതംചെയ്യുന്നുണ്ടെങ്കിൽക്കൂടി, അദ്ദേഹത്തിന്റെ അനുഗ്രഹത്തോടെ സംസ്ഥാനങ്ങൾ ഭരിക്കുന്ന മുഖ്യമന്ത്രിമാർക്കെതിരെ വ്യാപകമായ അസന്തോഷം——പലപ്പോഴും വിരോധംതന്നെ——ബഹുജനങ്ങൾക്കിടയിൽ രൂപംകൊണ്ടുവരുന്നുണ്ട്. താല്ക്കാലിക ലാഭങ്ങൾക്കുവേണ്ടി സംസ്ഥാന ഭരണകൂടങ്ങൾ കൈക്കൊള്ളുന്ന സൂത്രവിദ്യകൾ ജനങ്ങൾക്കിടയിൽ കടുത്ത അമർഷത്തിനു കാരണമാവുന്നതിന്റെ ഏറ്റവും പുതിയ ഉദാഹരണവുമാണു ഗുജറാത്തിലെ സംവരണവിരുദ്ധ ലഹളകൾ. പോലീസും റൗഡികളും രാഷ്ട്രീയക്കാരും കൂട്ടുചേർന്നു നടത്തുന്ന ജനമർദനമായി സംസ്ഥാനഭരണം ജനങ്ങൾക്കുമുമ്പിൽ പ്രത്യക്ഷപ്പെടുകയെന്നതു സാധാരണ സംഭവമായിത്തീർന്നിരിക്കുന്നു. കേരള

ത്തിൽ നടക്കുന്നതുപോലെയുള്ള ഈർക്കിൽപ്പാർട്ടികളുടെ വൃത്തികെട്ട സമ്മർദതന്ത്രങ്ങളും, നഗ്നമായി നിരന്തരം നടക്കുന്ന പൊതുമുതൽക്കൊള്ളയും, ജനങ്ങളുടെ നിസ്സഹായതാബോധവും ഇന്നല്ലെങ്കിൽ നാളെ സർക്കാരിനെതിരെ ഉഗ്രമായ ഒരു പ്രക്ഷോഭണമായി രൂപാന്തരപ്പെട്ടുകൂടായ്കയില്ല. വിശ്വാസ്യതയുള്ള എതിർപാർട്ടികളോ ആരോപണവിധേയരല്ലാത്ത എതിർപാർട്ടിനേതാക്കളോ സംസ്ഥാനങ്ങളിൽ ഇല്ലെന്നതാണ് കോൺഗ്രസ്പാർട്ടിക്ക് ഇന്നുള്ള അനുകൂലപരിതഃസ്ഥിതി. പക്ഷേ, ബാഹ്യമായ ഈ ആനുകൂല്യത്തെമാത്രം പിൻബലമാക്കി, ഒഴുക്കിനനുസരിച്ചു നീന്തിക്കൊണ്ട്, ഒരു പാർട്ടിക്ക് ഇന്ത്യപോലെയുള്ള ഒരു മഹാരാജ്യത്തിൽ എത്രകാലം അധികാരം പുലർത്താൻ കഴിയും?

ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ശതാബ്ദിയാഘോഷിക്കുന്ന ഇനിയങ്ങോട്ടുള്ള എട്ടുമാസങ്ങളിൽ, പൗരബോധമുള്ള ഓരോ ഇന്ത്യക്കാരനും ഇത്തരം അടിസ്ഥാനപ്രശ്നങ്ങളെപ്പററി സ്വതന്ത്രമായും ധീരമായും ചിന്തിക്കുന്നതു് നന്നായിരിക്കും. ഏഷ്യയിലെ ഏററവും വലിയ ബഹുജനവിമോചനപ്രസ്ഥാനമായിരുന്നു ഇൻഡ്യൻനാഷണൽകോൺഗ്രസ്. അതിന്റെ ഉജ്ജ്വലമായ പൈതൃകം ഓരോ ഇന്ത്യക്കാരനും അവകാശപ്പെട്ടതാണ്. ആ പൈതൃകം നമ്മിൽ അവശേഷിപ്പിച്ചിട്ടുള്ള ബാധ്യതകളെപ്പററി തീവ്രമായ ബോധം ഇനിയെങ്കിലും നമുക്ക് ഉണ്ടാവേണ്ടിയിരിക്കുന്നു.

(7 മെയ്, 1985)

## 39. രാജീവഗാന്ധിയുടെ അമേരിക്ക സന്ദർശനം

അമേരിക്കയിൽ വളരെക്കാലമായി പാർത്തുവരുന്ന ഒരു ഇന്ത്യൻ ശാസ്ത്രജ്ഞ—സുഹൃത്തുമായി സംസാരിക്കുവാൻ ഈയിടെ എനിക്ക് അവസരം ലഭിച്ചു. പഞ്ചാബിലെ വിഘടനവാദികളുടെ വിക്രിയകളെത്തുടർന്ന്, ഇന്ത്യയിൽ വ്യവസ്ഥാപിത ഭരണം അവസാനിക്കുകയാണെന്നും ഈ ഉപഭൂഖണ്ഡം പല സ്വതന്ത്രരാജ്യങ്ങളായി ചിതറിപ്പോവുകയാണെന്നുമുള്ള ബോധം അമേരിക്കക്കാർക്കിടയിൽ പരന്നിരുന്നു എന്ന് അദ്ദേഹം പറഞ്ഞു. ഇന്ദിരാഗാന്ധി ദാരുണമായി വധിക്കപ്പെട്ടതോടെ ഈ ബോധം അമേരിക്കക്കാരുടെ ഉറച്ച വിശ്വാസമായി മാറി. സമ്പന്നരായ ഒട്ടുവളരെ സിഖ്കാർ അമേരിക്കയിലുണ്ട്. ഇവരിലധികംപേരും സ്വതന്ത്ര ഖാലിസ്ഥാനുവേണ്ടി വാദിക്കുന്നവരാണ്. അമേരിക്കൻ രാഷ്ട്രീയപ്രവർത്തകർക്കിടയിൽ ഇവർക്കു ഗണ്യമായ സ്വാധീനമുണ്ട്. മുങ്ങിക്കൊണ്ടിരിക്കുന്ന ഒരു കപ്പലാണ് ഇന്ത്യ എന്ന ധാരണ അമേരിക്കയിൽ പരത്തുന്നതിൽ സിഖ്‌വിഘടനവാദികൾ പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കുകയുണ്ടായി.

രാജീവഗാന്ധി പ്രധാനമന്ത്രി പദവി ഏറെറടുത്തപ്പോൾ, അമ്മയുടെ കസേര മകനുകിട്ടി എന്നല്ലാതെ, ഐക്യവും അഖണ്ഡതയും സംരക്ഷിച്ചുകൊണ്ട് ഇന്ത്യയെ ജനാധിപത്യമാർഗത്തിലൂടെ സമാധാനത്തിലേക്കും സുഭിക്ഷത്തിലേക്കും നയിക്കുവാൻ ആ യുവാവിനു കഴിയുമെന്ന ധാരണ അമേരിക്കക്കാർക്കുണ്ടായിരുന്നില്ല.